No. CEE/5353/MDS-2018/TA4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സിലേയ്ക്കുള്ള പ്രവേശനം - 2018

## രണ്ടാംഘട്ട അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നു

2018-ലെ ബിരുദാനന്തര ബിരുദ ഡെന്റൽ (എം.ഡി.എസ്) കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **11.05.2018** ആരംഭിച്ചു. ആൾ ഇന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് മടക്കി നൽകിയ സീറ്റുകൾ, സർക്കാർ ഡെന്റൽ കോളേജുകളിലെ ഒഴിവുള്ള/വർദ്ധിപ്പിച്ച സീറ്റുകൾ, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായ സീറ്റുകളും, എൻ.ആർ.ഐ സീറ്റുകളും ഉൾപ്പെടെയുള്ള സീറ്റുകൾ എന്നിവയിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്.

രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ യാതൊരു കാരണവശാലും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. കൂടാതെ അവരുടെ നിലവിലുള്ള ഓപ്ഷനുകൾ റദ്ദാകുന്നതുമാണ്.

ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷന് പാലിക്കേണ്ട നിബന്ധനകൾ, കോളേജുകൾ, ഫീസ് എന്നിവ സംബന്ധിക്കുന്ന വിശദവിവരം www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ ഓപ്ഷൻ സമർപ്പണം സംബന്ധിച്ച വിജ്ഞാപനം നിർബന്ധമായും വായിച്ചിരിക്കേണ്ടതാണ്.

**ഹെൽപ്പ്ലൈൻ നമ്പറുകൾ: (0471) 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
11.05.2018